# പതിനാലാം കേരള നിയമസഭ
## (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3191** **07.02.2018-ൽ മറുപടിയ്ക്ക്**

**ആറാട്ടുപുഴ ഫിഷ് മീൽ പ്ലാന്റ്**

| ചോദ്യം<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഹരിപ്പാട് നിയോജക മണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിൽ മത്സ്യഫെഡ് മുഖേന സ്ഥാപിച്ചിട്ടുള്ള ഫിഷ് മീൽ പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | എ) ആറാട്ടുപുഴയിൽ മത്സ്യഫെഡ് ഫിഷ്മീൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞതാണ് പ്രദേശത്ത് സുനാമി പുനരധിവാസ പദ്ധതി വഴി ധാരാളം വീടുകൾ വരികയും ടി പ്രദേശം ജനവാസ മേഖലയായി മാറുകയും ചെയ്തത്. പദ്ധതിയുടെ തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന മലിനീകരണ നിയന്ത്രണ സംവിധാനം (ETP) പ്രസ്തുത സാഹചര്യത്തിൽ അപര്യാപ്തമായതിനാൽ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള മലിനീകരണ നിയന്ത്രണ സംവിധാനം സ്ഥാപിക്കേണ്ടതുണ്ട്. ടി സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുന്നതിന് കേന്ദ്ര സർക്കാർ ഏജൻസിയായ CSIR -ന്റെ കീഴിലെ NIIST-യുമായി കൺസൽട്ടൻസി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ETP സ്ഥാപിതമാകുന്ന മുറക്ക് പ്ലാന്റ് പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്. |
| ബി) പ്ലാന്റിന്റെ നിർമ്മാണത്തിന് ഇതുവരെ എന്ത് തുക ചെലവായി എന്ന് വ്യക്തമാക്കുമോ; | ബി) പ്ലാന്റ് സ്ഥാപിക്കുന്നതിന് നാളിതുവരെ 610.51 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| സി) പ്രവർത്തനം ആരംഭിക്കാൻ വൈകുന്നത് മൂലം യന്ത്രസാമഗ്രികളും മറ്റ് ഉപകരണങ്ങളും നശിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുമോയെന്ന് വെളിപ്പെടുത്താമോ? | സി) ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ആഫീസർ**